# കേരള സർക്കാർ

നം. 33740/ഡിഎ1/12/തസ്വഭവ.

തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്,
തിരുവനന്തപുരം,.തീയതി 02.07.2012

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് -2011-12 വാർഷിക പദ്ധതി പ്രോജക്ടുകൾ പൂർത്തീകരിക്കൽ -നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന:- 1.സ.ഉ(സാധാ)നമ്പർ 1731/2011/തസ്വഭവ തീയതി 20.07.2011
2. സ.ഉ(സാധാ) നമ്പർ 2668/11/തസ്വഭവ തീയതി 16.11.2011
3.സ.ഉ(സാധാ) 920/12/തസ്വഭവ തീയതി 28.03.2012
4. 11.05.2012-ലെ കെ.എൽ.ജി.എസ്.ഡി.പി.കോർഡിനേഷൻ സമിതി തീരുമാനം.

2011-12 വാർഷിക പദ്ധതിയുടെ ഭാഗമായി കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി)-ലെ പെർഫോമൻസ് ഗ്രാന്റ് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവദിക്കുകയുണ്ടായി. സൂചന 1,2 എന്നിവ പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

2) 2012 മാർച്ച് 31-ന് മുൻപ് 2011-12 വാർഷിക പദ്ധതിയിലെ പെർഫോമൻസ് ഗ്രാന്റിൽ ലഭ്യമായ തുക 100 ശതമാനവും ചെലവഴിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും അവ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. കെ.എൽ.ജി.എസ്.ഡി.പിയുടെ VPFA/MFA-V അക്കൗണ്ടിൽ നിന്നും വർഷാവസാനം ചെലവഴിക്കാത്ത തുക ലാപ്സായിപ്പോകുന്നതല്ല. അവ 2012-13 വർഷത്തേക്ക് ക്യാരിഓവർ ചെയ്യപ്പെടും.

3) ഈ പ്രോജക്ടിൽ പങ്കാളികളായ എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 2011-12 വർഷത്തെ ഭൗതിക നേട്ടം ഉൾപ്പെടെയുള്ള ചെലവു കണക്കുകൾ ഓൺലൈൻ 'സുലേഖ' സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തണമെന്ന് സൂചന 3 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-13 വാർഷിക പദ്ധതി രൂപീകരണത്തിന് മുമ്പായി 2011-12 വാർഷിക പദ്ധതി ചെലവുകണക്കുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. ചെലവു കണക്കുകൾ യഥാസമയം സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2012-13 വർഷത്തെ ഫണ്ട് ലഭിക്കാതെ വരുന്ന സന്ദർഭം കഴിവതും ഒഴിവാക്കേണ്ടതാണ്.

4) ഈ സാഹചര്യത്തിൽ 2011-12 വാർഷിക പദ്ധതി അംഗീകാരത്തിനു മുമ്പായി പെർഫോമൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂചന 4 -ലെ കോർഡിനേഷൻ സമിതി തീരുമാന പ്രകാരം ചുവടെ വിവരിക്കുന്ന നടപടി ക്രമങ്ങൾ നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

4.1. 2011-12 വാർഷിക പദ്ധതിയുടെ ചെലവു കണക്കുകൾ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും ഉൾപ്പെടെ സുലേഖ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വഴി കൃത്യതയോടെ റിപ്പോർട്ട് ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതാണ്.

4.2. 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളിൽ മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ 2012-13 സാമ്പത്തിക വർഷത്തിൽ തുടർന്ന് നടപ്പാക്കാവുന്നതാണ്. പ്രസ്തുത പ്രോജക്ടുകൾ 2012-13 വർഷത്തെ പെർഫോമൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരണത്തിന് മുമ്പായി പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്.

4.3. മുൻ വർഷത്തെ പ്രോജക്ട് നടത്തിപ്പ്, നടപ്പു വർഷത്തെ പദ്ധതി രൂപീകരണം ഇവയുടെ വിലയിരുത്തൽ റിപ്പോർട്ടിന്റെ (Performance Assessment Report) അടിസ്ഥാനത്തിലായിരിക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുടർ വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുകയെന്നതിനാൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

5) മുകളിൽ വിവരിച്ച പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാ ആസൂത്രണ സമതികളും കൺട്രോളിംഗ് ഓഫീസർമാരും ഉറപ്പാക്കണം.

രാജേഷ്കുമാർ സിംഗ്
ഗവൺമെന്റ് സെക്രട്ടറി

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഗിഫ്റ്റ്, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ,തൃശ്ശൂർ
ഡയറക്ടർ,സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്
എല്ലാജില്ലാകളക്ടർമാർക്കും ജില്ലാആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ ടി.എ.ജി ചെയർമാന്മാർക്കും, മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, മുനിസിപ്പൽ ചെയർമാന്മാരുടെ ചെമ്പർ
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി (ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ കോപ്പി

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ ആഫീസ്
തദ്ദേശസ്വയം ഭരണ ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം. സെക്ഷനുകൾക്ക്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**